**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തളിക്കുളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സുഭാഷ് പി.ബി, മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. സി.എ. വർഗ്ഗീസ്, മുൻ സീനിയർ ക്ലാർക്ക് ശ്രീ. ഐ.വി. വിനീത്, മുൻ ക്ലാർക്ക് ശ്രീമതി. രഞ്ജു എൽ.എം എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.892/2017/തസ്വഭവ                                        തീയതി, തിരുവനന്തപുരം, 27.03.2017

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25.07.2014-ലെ ഇ 8(ക്യുവി 21/14/റ്റിഎസ്ആർ)7000/14 നമ്പർ കത്ത്

2. സർക്കാരിന്റെ 19.11.2015-ലെ 63228/ഇപിബി3/2014/തസ്വഭവ നമ്പർ കുറ്റപത്രം

3. കുറ്റപത്രത്തിന് തളിക്കുളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ സുഭാഷ് പി.ബി 05.02.2016-ലും, മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. സി.എ. വർഗ്ഗീസ് 10.02.2016-ലും, മുൻ സീനിയർ ക്ലാർക്ക് ശ്രീ. ഐ.വി. വിനീത് 02.03.2016-ലും, മുൻ ക്ലാർക്ക് ശ്രീമതി. രഞ്ജു എൽ.എം 18.02.2016-ലും സമർപ്പിച്ച പ്രതിവാദ പത്രികകൾ

4. പഞ്ചായത്ത് ഡയറക്ടറുടെ 29.09.2016-ലെ ഡി7-6283/15 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിൽ സ്നേഹതീരം പാർക്കിനു സമീപം സ്വകാര്യ വ്യക്തികൾ അനധികൃതമായി കാർണിവൽ നടത്തുന്നതിന് ലക്ഷക്കണക്കിനു രൂപ വിനോദ നികുതിയിനത്തിൽ വെട്ടിക്കുവാൻ ഗ്രാമപഞ്ചായത്ത് അധികൃതർ കൂട്ടുനിന്നുവെന്നുള്ള പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രണ്ട് അന്വേഷണം നടത്തി 2 റിപ്പോർട്ടുകൾ സമർപ്പിച്ചു.

പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം തളിക്കുളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി.എ. വർഗ്ഗീസ്, മുൻ എൽ.ഡി. ക്ലാർക്കുമാരായ ശ്രീ. ഐ.എസ്. വിനീത്, ശ്രീമതി. രഞ്ജു എൽ.എം. എന്നിവർക്ക് കുറ്റാരോപണ മെമ്മോ നൽകുകയുണ്ടായി. കുറ്റാരോപണ മെമ്മോകൾക്ക് ടിയാളുകൾ സമർപ്പിച്ച എതിർവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**ശ്രീ. പി.ബി. സുഭാഷ്, മുൻ സെക്രട്ടറി**

സെക്രട്ടറിയുടെ അധികാര പരിധിയിൽ നടന്ന കാർണിവൽ യഥാസമയം അറിഞ്ഞില്ല എന്ന സെക്രട്ടറിയുടെ പരാമർശത്തോട് പൂർണ്ണമായും യോജിക്കാൻ കഴിയില്ലെങ്കിലും, പരിപാടി ഉദ്ഘാടനം ചെയ്ത ഗ്രാമപഞ്ചായത്ത് പ്രസിഡന്റും പങ്കെടുത്ത വാർഡ് മെമ്പറും ഇക്കാര്യം സെക്രട്ടറിയെ അറിയിക്കാതിരുന്നത് ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും സംഭവിച്ച വീഴ്ചയായി കാണുന്നു. എന്നാൽ 09.10.2013-ൽ സെക്രട്ടറിക്ക് പരാതി ലഭിച്ചതിന്ശേഷം ടി ദിവസം തന്നെ സെക്രട്ടറി കാർണിവൽ ഉടമയ്ക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും 15.10.2013-ൽ വാടാനപ്പള്ളി സബ് ഇൻസ്പെക്ടർക്ക് കത്ത് നൽകുകയും യഥാവിധി പോലീസ് നടപടി സ്വീകരിക്കുകയോ, കാർണ്ണിവൽ നിർത്തിവയ്ക്കുകയോ

ചെയ്യാത്ത സാഹചര്യത്തിൽ 18.10.2013-ൽ വലപ്പാട് സർക്കിൾ ഇൻസ്പെക്ടർക്ക് കത്ത് നൽകുകയു ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് മുൻകൂട്ടി അറിവുണ്ടായിട്ടും കാർണിവൽ നടത്തുന്ന വിവരം ഗ്രാമപഞ്ചായത്തിനെയും സെക്രട്ടറിയേയും അറിയിച്ചില്ല എന്നുള്ള സെക്രട്ടറിയുടെ വാദം പരിഗണനാർഹമാണ്. പി.പി.ആർ. ലൈസൻസിനായി കാർണിവൽ ഉടമ അപേക്ഷ സമർപ്പിച്ചെങ്കിലും ആവശ്യമായ ക്രമീകരണങ്ങൾ ഇല്ലാത്തതിനാൽ അനുമതി നൽകിയിട്ടില്ല മാത്രമല്ല പി.പി.ആർ. ആക്ട് ലംഘിച്ചതിന് ടിയാളിൽ നിന്നും 5,000/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് തീരുമാനപ്രകാരം സെക്രട്ടറി വിനോദ നികുതി ചുമത്തുകയും കാർണിവൽ ഉടമയ്ക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. വിനോദ നികുതി പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നെങ്കിലും കമ്മിറ്റി ഈ കാര്യത്തിൽ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഉടമ വിനോദ നികുതി അടയ്ക്കാത്ത സാഹചര്യത്തിൽ സെക്രട്ടറി റവന്യൂ റിക്കവറി നടപടികൾ, കൊല്ലം ജില്ലാ കളക്ടർ മുഖേന സ്വീകരിച്ചിട്ടുള്ളതാണ്. സെക്രട്ടറിയുടെ ഈ നടപടി നിയമാനുസൃതമായി കാണുന്നു.

താൽക്കാലിക അമ്യൂസ്മെന്റ് പാർക്കുകൾക്ക് നികുതി നിശ്ചയിക്കുന്ന രീതി നിയമത്തിലോ ചട്ടത്തിലോ സൂചിപ്പിട്ടില്ലാത്തതാണെങ്കിലും പരാതി ലഭിച്ചതിന് ശേഷം ഭരണസമിതി തീരുമാനപ്രകാരം പ്രസ്തുത അമ്യൂസ്മെന്റ് പാർക്കിന് സെക്രട്ടറി നികുതി ചുമത്തിയിട്ടുണ്ട്. കൂടാതെ 17.10.2013 മുതൽ 22.11.2013 വരെ സെക്രട്ടറി അവധി ആയിരുന്നതിനാൽ ടി കാലയളവിലെ നടപടികൾക്ക് സെക്രട്ടറി ഉത്തരവാദിയല്ല. നടപടി സ്വീകരിക്കുന്നതിന് ചെറിയ കാലതാമസം വന്നതായി കാണുന്നുവെങ്കിലും സമയപരിധിക്കകംതന്നെ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിയമാനുസൃത നടപടികൾ സെക്രട്ടറി സ്വീകരിച്ചതായി കാണുന്നു.

**ശ്രീ. സി.എ. വർഗ്ഗീസ്, മുൻ അസിസ്റ്റന്റ് സെക്രട്ടറി**

17.10.2013 മുതൽ 22.11.2013 വരെ ശ്രീ. സി.എ. വർഗ്ഗീസ് പഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ച കാലയളവിൽ മാത്രമാണ് ടിയാന് ഈ വിഷയത്തിൽ ഉത്തരവാദിത്തമുള്ളത്. ടി കാലയളവിൽ കാർണിവൽ ഉടമയിൽ നിന്നും ആവശ്യമായ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായും, ഉടമയുടെ നിയമലംഘനത്തിന് പിഴ ചുമത്തിയതായും കാണുന്നു. വിനോദനികുതി പിരിച്ചെടുക്കുന്നതിനും, ഭരണസമിതി തീരുമാനപ്രകാരം പിഴ ചുമത്തുന്നതിനും ടിയാൻ നടപടി സ്വീകരിച്ചതായി കാണുന്നു. ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരത്തക്ക യാതൊരുനടപടിയും ശ്രീ. വർഗ്ഗീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല ആയതിനാൽ ടിയാന്റെ എതിർവാദ പത്രിക പരിഗണനാർഹമാണ്.

**ശ്രീ. ഐ.എസ്. വിനീത്, മുൻ ക്ലാർക്ക്**

ആരോപണ വിധേയമായ കാർണിവലിന് നികുതി ചുമത്തേണ്ടതുമായി ബന്ധപ്പെട്ട യാതൊരു ഉത്തരവാദിത്തങ്ങളും ശ്രീ. വിനീതിന് നൽകിയിരുന്നതായി കാണുന്നില്ല. മാത്രമല്ല, എൽ.ഡി, ക്ലാർക്കായിരുന്ന ടിയാന് പ്രസ്തുത വാർഡിന്റെ ചുമതലയും ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ ടി വിഷയത്തിൽ ടിയാൻ ഉത്തരവാദിത്ത ലംഘനം നടത്തിയിട്ടില്ല എന്ന വാദം അംഗീകരിക്കാവുന്നതാണ്.

**ശ്രീമതി. രഞ്ജു എൽ.എം., ക്ലാർക്ക്**

കാർണിവൽ നടന്ന സ്ഥലം ശ്രീമതി. രഞ്ജുവിന് ഫീൽഡ് പരിശോധനയ്ക്ക് ചുമതലയുള്ള വാർഡിൽ വരുന്നതും, കാർണിവൽ സംബന്ധിച്ച വിവരം ടിയാരി റിപ്പോർട്ട് ചെയ്യേണ്ടിയിരുന്നതുമാണ്. എന്നാൽ ഫീൽഡ് പരിശോധന യഥാസമയം നടത്തുവാൻ കഴിയാത്ത വിധം ഓഫീസ് ചുമതലകളും ശ്രീമതി. രഞ്ജുവിന് ഉണ്ടായിരുന്നതിനാൽ, കാർണിവൽ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യാതിരുന്നത് ടിയാരിയുടെ മനഃപൂർവ്വമായ വീഴ്ചയായി കാണാൻ കഴിയുകയില്ല എന്ന്

കാണുന്നു. പ്രസ്തുത വിഷയത്തിൽ മേലുദ്യോഗസ്ഥർ നൽകിയ എല്ലാ ചുമതലകളും ശ്രീമതി. രഞ്ചു നിർവ്വഹിച്ചതായി കാണുന്നു.

തളിക്കുളം ഗ്രാമപഞ്ചായത്തിലെ പ്രസിദ്ധമായ സ്നേഹതീരം പാർക്കിനോട് ചേർന്ന സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണ് കാർണിവൽ നടത്തിയതെന്നും പ്രസ്തുത കാർണിവലിനോടനുബന്ധിച്ച് 40 ദിവസത്തോളം പാർക്ക് പ്രവർത്തിച്ചിരുന്നുവെന്നും ആയതിനാൽ 40 ദിവസം പ്രവർത്തിച്ചിട്ടും ടി പാർക്കിനെ സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറിക്ക് അറിവ് ലഭിക്കാത്തതിനാലാണ് നടത്തിപ്പുകാരിൽ നിന്നും വിനോദ നികുതി ഈടാക്കാതിരുന്നത് എന്നുള്ള സെക്രട്ടറിയുടെ വാദം വസ്തുതകൾക്ക് നിരക്കാത്തതാണെന്നാണ് അന്വേഷണ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളത്. പഞ്ചായത്ത് ഡയറക്ടറും സെക്രട്ടറിയുടെ പരാമർശത്തോട് പൂർണ്ണമായും യോജിക്കുവാൻ കഴിയില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ തളിക്കുളം ഗ്രാമപഞ്ചായത്തിൽ സ്വകാര്യ വ്യക്തികൾ അനധികൃതമായി കാർണിവൽ നടത്തി സർക്കാരിന് ലഭിക്കേണ്ട വിനോദ നികുതി വെട്ടിപ്പ് നടത്തിയതിനെതിരെ യഥോചിതം നടപടി സ്വീകരിക്കാത്തതിന് കുറ്റക്കാരാണെന്ന് കണ്ടെത്തിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി.ബി. സുഭാഷിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് 6 മാസത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ടും ആരോപണ വിധേയരായ മറ്റ് ഉദ്യോഗസ്ഥരായ ശ്രീ. സി.എ. വർഗ്ഗീസ്, അസിസ്റ്റന്റ് സെക്രട്ടറി, ശ്രീ. ഐ.എസ്. വിനീത്, എൽ.ഡി. ക്ലാർക്ക്, ശ്രീമതി. രഞ്ചു എൽ.എം, എൽ.ഡി. ക്ലാർക്ക് എന്നിവർക്ക് താക്കീത് നൽകിക്കൊണ്ടും അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

ജോയിന്റ് സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, തളിക്കുളം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ്
   (20.02.2017-ലെ 325/ഡി3/2017/വിജി. നമ്പർ യു.ഒ റിമാർക്സ് പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.63228/ഇപിബി3/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ